**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5982** **09-11-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി സംരംഭകർക്കുള്ള വായ്പാ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | പട്ടികജാതി സംരംഭകർക്ക് കുറഞ്ഞ പലിശ നിരക്കിൽ നൽകിവരുന്ന വായ്പാ പദ്ധതികൾ ഏതൊക്കെയാണെന്നും പ്രസ്തുത പദ്ധതി പ്രകാരം കോവിഡ് 19-ന്റെ കാലഘട്ടത്തിൽ എത്ര പേർക്ക് വായ്പ അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനാണ് പട്ടികജാതി സംരംഭകർക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പാ പദ്ധതികൾ നടപ്പാക്കി വരുന്നത്. കോവിഡ്-19-ന്റെ കാലഘട്ടത്തിൽ (2020 ഏപ്രിൽ മാസം മുതൽ 2021 സെപ്റ്റംബർ മാസം വരെ) 3751 പേർക്ക് 57.90 കോടി രൂപ വായ്പയായി അനുവദിച്ചിട്ടുണ്ട്. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ പട്ടികജാതി സംരംഭകർക്ക് നൽകിവരുന്ന വായ്പാ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത വായ്പകളുടെ ജാമ്യവ്യവസ്ഥ, തിരിച്ചടവ് എന്നിവയിൽ ഇളവുകൾ ഉണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | പ്രസ്തുത വായ്പകളുടെ ജാമ്യവ്യവസ്ഥ, തിരിച്ചടവ് എന്നിവയിൽ ഇളവുകൾ ഇല്ല |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | പരമാവധി വായ്പാ തുക | പലിശ നിരക്ക് | തിരിച്ചടവ് കാലാവധി |
|---|---|---|---|---|
| 1. | ബെനഫിഷ്യറി ഓറിയന്റഡ് പദ്ധതി | 3,00,000 | 7% | 5 വർഷം |
| 2. | പ്രൊഫഷണൽ സർവ്വീസ് പദ്ധതി | 5,00,000 | 8% | 5 വർഷം |
| 3. | വാഹന വായ്പാ പദ്ധതി | 10,00,000 | 5 ലക്ഷം വരെ 7%<br>5 ലക്ഷത്തിനു മുകളിൽ 9% | 5 വർഷം |
| 4. | മൾട്ടി പർപ്പസ് യൂണിറ്റ് ലോൺ | 50,00,000 | 5 ലക്ഷം വരെ 7%<br>5 ലക്ഷത്തിനു മുകളിൽ 9% | 5 വർഷം |
| 5. | പ്രവാസി പുനരധിവാസ വായ്പാ പദ്ധതി | 20,00,000 | 5 ലക്ഷം വരെ 7%<br>5 ലക്ഷത്തിനു മുകളിൽ 9% | 5 വർഷം |
| 6. | സ്റ്റാർട്ട് അപ് സംരംഭകർക്കുള്ള വായ്പാ പദ്ധതി | 50,00,000 | 7% | 5-7 വർഷം വരെ |
| 7. | പെട്രോളിയം ഡീലർമാർക്കുള്ള വായ്പ | 10,00,000 | 4% | 8 വർഷം |
| 8. | കൃഷിഭൂമി വായ്പാ പദ്ധതി | 5,00,000 | 6% | 8 വർഷം |
| 9. | മൈക്രോ ക്രെഡിറ്റ് ഫൈനാൻസ് പദ്ധതി | 60,000 | 5% | 3 വർഷം |
| 10. | മഹിളാ സമൃദ്ധി യോജന | 60,000 | 4% | 3 വർഷം |
| 11. | ലഘു വ്യവസായ യോജന | 2 ലക്ഷം മുതൽ 4 ലക്ഷം വരെ | 6% | 5 വർഷം |
| 12. | വനിതാ ശാക്തീകരണ പദ്ധതി (കുടുംബശ്രീ) | 5,00,000 | 5% | 3 വർഷം |
| 13. | ഇ-ഓട്ടോ | 3,09,700 | 6% | 5 വർഷം |